**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *78** — **28.02.2018-ന് മറുപടിയ്ക്ക്**

**സ്വാഭാവിക വനങ്ങളുടെ സംരക്ഷണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. എം. രാജഗോപാലൻ**<br>**ശ്രീ. ബി.ഡി. ദേവസ്സി**<br>**ശ്രീമതി. വീണാ ജോർജ്ജ്**<br>**ശ്രീ. കെ.ഡി.പ്രസേനൻ** | **അഡ്വ. കെ.രാജു**<br>**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തുള്ള സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി വനംവകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് പദ്ധതികൾ നടപ്പാക്കുന്നു.<br>• വനപരിപാലനവും വന സംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി. വനം റോഡുകളുടെ പരിപാലനം, പശ്ചാത്തലസൗകര്യം ഒരുക്കൽ എന്നിവ നടപ്പാക്കുന്നു.<br>• നിലവിലുള്ള വൻമര തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപാദിപ്പിക്കുന്ന തോട്ടങ്ങളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നു.<br>• വനാശ്രിതസമൂഹങ്ങളുടെ വനാശ്രിതത്വം കുറച്ചുകൊണ്ടുവരുന്നതിനും അതുവഴിയുള്ള ജൈവവൈവിധ്യശോഷണം തടയുന്നതിനുമായി പങ്കാളിത്ത വനപരിപാലനം നടപ്പാക്കുന്നു.<br>• വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായത്തോടെ പദ്ധതികൾ നടപ്പാക്കുന്നു.<br>• കാലാവസ്ഥ വ്യതിയാനം തടയുന്നതിൽ വനങ്ങളെ സജ്ജമാക്കാനായി കേന്ദ്ര സഹായത്തോടെ ഗ്രീൻഇന്ത്യാ മിഷൻ പദ്ധതി നടപ്പാക്കുന്നു.<br>• വനമേഖലയെ മൊത്തത്തിൽ കണ്ടുകൊണ്ട്, വിവിധ ഭൂവിനിയോഗങ്ങളും, മനുഷ്യന്റെ |

| | | | |
|---|---|---|---|
| | | | ആവാസവും പരസ്പരപൂരകങ്ങളാക്കുന്നതിനായി കേന്ദ്ര സഹായത്തോടെ ബയോസ്ഫിയർ റിസർവ്വ് പദ്ധതി നടപ്പാക്കുന്നു.<br>• കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ<br>• വനത്തിനുള്ളിൽ ജല ലഭ്യത ഉറപ്പ് വരുത്തൽ |
| (ബി) | ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിനും കാട്ടുമൃഗങ്ങളുടേതടക്കമുള്ള ജീവനോപാധികൾ നിലനിർത്തുന്നതിനും വനങ്ങളെ കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും കാട്ടുമൃഗങ്ങളുടേതടക്കമുള്ള ജീവനോപാധികൾ നിലനിർത്തുന്നതിനും വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി വന്യജീവികൾക്ക് ജലലഭ്യത ഉറപ്പുവരുത്തൽ, കാട്ടുതീ പ്രതിരോധം, കണ്ടൽ കാടുകളുടെയും നീർത്തടങ്ങളുടെയും സംരക്ഷണം, പങ്കാളിത്ത വനപരിപാലനം മുതലായ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>വനങ്ങളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്നതിനായി വനപ്രദേശങ്ങളെ കാട്ടുതീ ഉണ്ടാകാനുള്ള സാധ്യതയുടെ അടിസ്ഥാനത്തിൽ വിവിധ മേഖലകളായി തരംതിരിക്കുകയും, കാട്ടുതീയെ ഫലപ്രദമായി നേരിടാനുള്ള ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകാനായി സംസ്ഥാന തലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെല്ലും പ്രവർത്തിക്കുന്നുണ്ട്. |
| (സി) | വനാതിർത്തികൾ സർവ്വെ നടത്തുന്നതിനും അതിർത്തി വേർതിരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | വനാതിർത്തികൾ സർവ്വേ നടത്തുന്നതിനായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ 30 പേർ വീതം അടങ്ങുന്ന വിവിധ ബാച്ചുകളായി ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തി വരുന്നു. നാളിതുവരെ 5 ബാച്ചിലായി 150 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുള്ളതും 6-ാം മത് ബാച്ചിന്റെ പരിശീലനം നടന്നു വരുന്നതുമാണ്.<br>കൂടാതെ 04.04.2016-ലെ GO (P) No.290/16/RD പ്രകാരം കേരള സർവ്വെ & ബൗണ്ടറീസ് റൂൾസ്-1964, റൂൾ-101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കികൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>അതിർത്തി വേർതിരിക്കുന്നതിന്റെ ഭാഗമായി 2016-17-ൽ 12500 ജണ്ടകൾ നിർമ്മിച്ചു. 2017-18 വർഷത്തിൽ 31.01.2018-വരെ 10700-ഓളം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. |
| (ഡി) | നശിച്ചു പോകുന്ന വനത്തിന് പകരം വനം വച്ചു പിടിപ്പിക്കുന്നതിന്റെ ഭാഗമായി എത്ര ഹെക്ടർ | (ഡി) | വിവിധ പരിപാടികളിലായി മുൻവർഷങ്ങളിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന നശിച്ചുപോയ വനങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതി തുടർന്നും |

| | | | |
|---|---|---|---|
| | പ്രദേശത്താണ് പുതുതായി മരങ്ങൾ വച്ച് പിടിപ്പിച്ചിട്ടുള്ളതെന്നും ഇവയുടെ പരിപാലനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | | നടപ്പിലാക്കുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷത്തിൽ മുൻവർഷങ്ങളിൽ വച്ചുപിടിപ്പിച്ചിട്ടുള്ള 3000 ഹെക്ടർ പ്രദേശത്തെ തൈകൾ സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ കാട്ടുതീ സംരക്ഷണം അത്യന്താപേക്ഷിതമാണ്. വനസംരക്ഷണ സമിതിയിലൂടെയാണ് ഈ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ